## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1251 — 20.01.2014 ൽ മറുപടിക്ക്

### പുതുതായി അനുവദിച്ച താലൂക്കുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) പുതുതായി അനുവദിച്ച താലൂക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സർക്കാർ ഫണ്ട്അനുവദിക്കുന്നതടക്കമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) പുതുതായി അനുവദിച്ച താലൂക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് ഫർണിച്ചർ, ഓഫീസ് സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ചാലക്കുടിയിൽ പുതുതായി അനുവദിച്ച താലൂക്ക് ഓഫീസിന്റെ പ്രവർത്തനം തുടങ്ങുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ആവശ്യമായ മുഴുവൻ ജീവനക്കാരേയും നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) ഉണ്ട്. ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) ഒരു വർഷം മുൻപ് അനുവദിച്ച അതിരപ്പിള്ളി വില്ലേജിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ മുഴുവൻ സ്റ്റാഫിനേയും അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അതിരപ്പിള്ളി, നെൻമണിക്കര, എന്നീ വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 30 വില്ലേജുക ളിലും ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തിയുള്ള വിജ്ഞാപനവും, തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജുകൾക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ടി വിജ്ഞാപനം ഗസറ്റിൽ പരസ്യപ്പെടുത്തുന്ന മുറയ്ക്ക് ജീവനക്കാരെ നിയമിച്ച് പ്രസ്തുത വില്ലേജുകളുടെ പ്രവർത്തനം ആരംഭി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ